"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - മലപ്പുറം ജില്ലയിലെ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ രണ്ടാം ഘട്ടമായി പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1337/2024/H&FWD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.507/2021/ആ.കു.വ. തീയതി 19.02.2021
2. സ.ഉ.(സാധാ)നം.487/2022/ആ.കു.വ. തീയതി 03.03.2022
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.03.2024 തീയതിയിലെ പി.എൽ.എ.2-10303/2023/ആവഡ എന്ന നമ്പർ കത്ത്
4. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറുടെ 12.10.2023 തീയതിയിലെ CE/BL/PL3/MLPM/12169/2023_23_1_1 എന്ന നമ്പർ കത്ത്

**ഉത്തരവ്**

മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ താനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിനെ താലൂക്ക് ആശുപത്രിയായി ഉയർത്തി കെട്ടിടനിർമ്മാണം നടത്തുന്നതിന് 10,00,00,000/- രൂപയുടെ (പത്തു കോടി രൂപ മാത്രം) ഭരണാനുമതി '4210-01-110-74' എന്ന ശീർഷകത്തിനു കീഴിൽ നൽകിയിരുന്നു. പിന്നീട് മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് 12,38,50,000/- രൂപയുടെ (പന്ത്രണ്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

2. മലപ്പുറം ജില്ലയിലെ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ രണ്ടാം ഘട്ടമായി പുതിയ കെട്ടിട

നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 1000 ലക്ഷം രൂപയുടെ (10,00,00,000/- രൂപ മാത്രം) എസ്റ്റിമേറ്റ് (ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ഇലക്ട്രോണിക്സ് പ്രവൃത്തികൾ, ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ, ജി.എസ്.ടി. എന്നിവ ഉൾപ്പെടെ) ആരോഗ്യ വകുപ്പ് ഡയറക്ടർ മേൽ പരാമർശത്തിലെ കത്ത് പ്രകാരം ലഭ്യമാക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തിക്ക് 1000 ലക്ഷം രൂപയും ടോക്കൺ പ്രൊവിഷനായി 200 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നതിനാൽ (സീരിയൽ നം.356, ബഡ്ജറ്റ് എസ്റ്റിമേറ്റ്- ബഡ്ജറ്റ് II, വോളിയം II, പുറം നം.22), ബഡ്ജറ്റ് വർക്ക് ആയി പരിഗണിച്ച് 4210-01-110-74 ശീർഷകത്തിന് കീഴിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താലൂക്കാശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി, **താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തി** രണ്ടു ഘട്ടങ്ങളായി (Phase I and Phase II) പൂർത്തിയാക്കുന്നതിനായി **'4210-01-110-74-ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലെ നിർമ്മാണ ജോലികൾ-01- മരാമത്തു പണികൾ (പ്ലാൻ)'** എന്ന ശീർഷകത്തിനു കീഴിൽ **22,38,50,000/- രൂപയുടെ (ഇരുപത്തിരണ്ടു കോടി മുപ്പത്തിയെട്ടുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി,** ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഭരണാനുമതി തുകയായ 22,38,50,000/- രൂപ, പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിലെ പുതുക്കിയ ഭരണാനുമതി തുകയായ 12,38,50,000/- രൂപയും ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുകയായ 10,00,00,000/- രൂപയും ചേർന്നുള്ള തുകയാണ്.

i. ഒന്നാംഘട്ടത്തിന്റെ പരിധിയിലുള്ള മുഴുവൻ പ്രവൃത്തികളും പുതുക്കിയ ഭരണാനുമതി തുകയ്ക്കുള്ളിൽ പൂർത്തിയാക്കിയെന്ന് സാങ്കേതികാനുമതി അധികാരി ഉറപ്പാക്കേണ്ടതാണ്.
ii. വിവിധ എസ്റ്റിമേറ്റ് പ്രൊവിഷനുകളുടെ ആവശ്യകതയും കൃത്യതയും സാങ്കേതികാനുമതി അധികാരി ഉറപ്പാക്കേണ്ടതാണ്.
iii. ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ പരിധിയിലുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി കോമ്പോസിറ്റ് പ്രവൃത്തിയായി തയ്യാറേക്കേണ്ടതാണ്.
iv. ടെൻഡർ വിളിക്കുന്നതിനു മുൻപായി സാങ്കേതികാനുമതിയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന് സമർപ്പിച്ച് അനുമതി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.(E.2734695):HLT-A1/54/2024-FIN തീയതി 22.05.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 05-06-2024 14:11:05
സെക്ഷൻ ഓഫീസർ